## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.181 — 04.02.2013 ന് മറുപടിയ്ക്ക്.

### ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളും ചെലവഴിച്ച തുകയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുടെ ചുമതലയിലുള്ള ഓരോ വകുപ്പുകളിലും 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും അതിൽ ഇതിനകം ചെലവഴിച്ച തുകയുടെയും കണക്കുകൾ വ്യക്തമാക്കുമോ; | (എ) <u>വനംവകുപ്പ്</u> - പ്ലാൻ ഇനത്തിൽ 14722.04 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 25323.48 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ 12/12 (2012 ഡിസംബർ) വരെ പ്ലാൻ ഇനത്തിൽ 4586.657 ലക്ഷം രൂപയും, നോൺ പ്ലാൻ ഇനത്തിൽ 17095.108 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><u>സാംസ്കാരിക വകുപ്പ്</u> - 7,51,36,000 രൂപ വകയിരുത്തിയതിൽ 5,18,45,000 രൂപ ചെലവഴിച്ചിട്ടുണ്ട്.<br><u>സ്പോർട്ട്സും, യുവജനകാര്യവും വകുപ്പ്</u> - കണക്കുകൾ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) മേൽപ്പറഞ്ഞ ഓരോ വകുപ്പ് മുഖേനയും നടപ്പിലാക്കുന്നതിന് 2012-13 വർഷത്തെ ബഡ്ജറ്റ് വിഹിതമായും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; ഇനിയും നടപ്പിലാക്കാത്തവ ഏതൊക്കെ; ഭരണാനുമതി നൽകിയെങ്കിലും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി)<u>വനം വകുപ്പ്</u> - 2012-13 വർഷത്തെ ബഡ്ജറ്റ് പ്രകാരം 8 പ്രഖ്യാപനങ്ങൾ ഉണ്ടായിരുന്നു. ടി പദ്ധതികളുടെ നടത്തിപ്പ് പുരോഗമിച്ച് വരുന്നു. പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><u>സാംസ്കാരിക വകുപ്പ്</u> - ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒറ്റപ്പാലത്ത് ഫിലിം സിറ്റി രൂപീകരിക്കുക എന്ന പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിലെ കാലതാമസം മൂലം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.<br><u>സ്പോർട്ട്സും, യുവജനകാര്യവും വകുപ്പ്</u>- പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.<br>ഇനിയും നടപ്പിലാക്കാത്ത പദ്ധതികൾ -<br>1. സ്പോർട്ട്സ് സ്റ്റേഡിയം, കോഴിക്കോട്<br>2. മത്തായി ചാക്കോ മെമ്മോറിയൽ സ്പോർട്ട്സ് കോംപ്ലക്സ്, പുല്ലൂരാംപാറ.<br>3. സൈക്കിൾവെല്ലോഡ്രോം, ഇടുക്കി. |

4. HACT രണ്ടാം ഘട്ടം.
5. നന്ദിയോട്, ഇടവാ എന്നിവിടങ്ങളിലെ സ്പോർട്ട്സ് ഹോസ്റ്റൽ നിർമ്മാണം.
6. വയനാട്, കണ്ണൂർ, പള്ളുരുത്തി എന്നിവിടങ്ങളിലെ നീന്തൽ കുളങ്ങളുടെ നിർമ്മാണം.
7. ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ജില്ലാ സ്റ്റേഡിയം.
8. നാദാപുരം, കാസർഗോഡ്, കൊല്ലം എന്നിവിടങ്ങളിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം.
9. കോഴിക്കോട് കക്കട്ടിൽ, പത്തനംതിട്ട പ്രക്കാനത്തും വോളിബോൾ അക്കാദമിയുടെ നിർമ്മാണം.

(സി) ഓരോ വകുപ്പിനും ബഡ്ജറ്റിൽ അനുവദിച്ച തുകയും ഇതിനകം ചെലവഴിക്കാതെ ബാക്കിയുള്ള തുകയും എത്രയെന്ന് വിശദമാക്കുമോ ?

(സി)വനം വകുപ്പ് -

| | | |
|---|---|---|
| അനുവദിച്ച തുക – | പ്ലാൻ - | 14722.04 ലക്ഷം രൂപ |
| | നോൺ പ്ലാൻ - | 25323.48 ലക്ഷം രൂപ |
| ചെലവഴിച്ച തുക | പ്ലാൻ - | 4586.657 ലക്ഷം രൂപ |
| | നോൺ പ്ലാൻ - | 17095.108 ലക്ഷം രൂപ |
| ബാക്കി തുക - | പ്ലാൻ - | 10135.38 ലക്ഷം രൂപ |
| | നോൺ പ്ലാൻ - | 8228.37 ലക്ഷം രൂപ |

സാംസ്കാരിക വകുപ്പ് -

| | |
|---|---|
| അനുവദിച്ച തുക - | 7,51,36,000/- രൂപ |
| ചെലവഴിച്ച തുക - | 5,18,45,000/- രൂപ |
| ബാക്കി തുക - | 2,32,91,000/- രൂപ |

സ്പോർട്ട്സും, യുവജനകാര്യവും വകുപ്പ് -

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം [illegible]ിൽ ലഭ്യമാണ്